# ACADEMIC MASTER PLAN

# 2025-2026

# NNNCJM LPS KUMARAKOM

| | |
|---|---|
| സ്കൂളിന്റെ പേര് | : എൻ. എൻ. സി .ജെ. എം എൽ പി. എസ് കുമരകം |
| സ്കൂൾ കോഡ് | : 33237 |
| റവന്യു ജില്ല | :കോട്ടയം |
| ബ്ലോക്ക് | :ഏറ്റുമാനൂർ |
| വിദ്യാഭ്യാസ ജില്ല | :കോട്ടയം |
| വിദ്യാഭ്യാസ ഉപ ജില്ല | :കോട്ടയം വെസ്റ്റ് |
| ബി ആർ സി | : ഗവൺമെന്റ് യു. പി സ്കൂൾ കിളിരൂർ |
| സി ആർ ഇ സി | :എ ബി എം ഗവൺമെന്റ് യു. പി സ്കൂൾ |
| യു ഡയസ് കോഡ് | :32100700305 |
| ജി മെയിൽ | :nncjmlps233@gmail.com |

# ആമുഖം

മനുഷ്യരാശി ആർജ്ജിച്ച അറിവുകൾ വരുംതലമുറയ്ക്ക് കൈമാറാനുള്ള കുറ്റമറ്റ സംവിധാനം നിർവചിക്കപ്പെട്ടിട്ടില്ല.വിദ്യാഭ്യാസം സാർവ്വത്രികമായി തുടങ്ങിയ നൂറ്റാണ്ടിലെ അവസ്ഥയിലല്ല ലോകം ഇന്ന്. സാംസ്ക്കാരിക പരിസരവും പ്രായോഗികതയും മാറുന്നതിനനുസരിച്ച് വിദ്യാഭ്യാസ സമ്പ്രായത്തിന് മാറ്റമുണ്ടായേ തീരു.കാരണം അറിവ് അതിന്റെ ചക്രവാളങ്ങളെ വികസിപ്പിച്ചുകൊണ്ട്പ്രയോഗികതയിലും വളർച്ചയിലുമാണ്അർത്ഥം കൈവരിക്കുന്നത്

മാറുന്ന പരിസ്ഥിതിക്കനുസരിച്ച് അറിവ് സായത്തമാക്കുവാൻ വ്യക്തിയെ പ്രാപ്തനാക്കിയാൽ മാത്രമേ ഇന്നിന്റെ കാലഘട്ടത്തിൽ ജീവിതത്തിൽ വിജയിക്കുവാനാകു. ഇത് ഉൾക്കൊണ്ട് വിദ്യാഭ്യാസരംഗത്ത് അതിനൂതനമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും വിദ്യ കൊണ്ട് അർത്ഥമാക്കുന്ന ശേഷികളും കഴിവുകളും ഓരോ കുട്ടിയിലും എത്തിച്ചേരുന്നവെന്ന് ഉറപ്പു വരുത്തുന്നതിനായി ഗുണമേന്മയിൽ അധിഷ്ഠിതമായതും ശിശുസൗഹൃദപരമായ വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ കുമരകം എൻ എൻ സി ജെ എം എൽ പി സ്ക്കൂൾ വിദ്യാഭ്യാസ പദ്ധതിക്ക് രൂപം നൾകി. പൊതു വിദ്യാഭ്യാസ പ്രവർത്തനവുമായി യോജിച്ച് ഭൗതികവും അക്കാദമികവുമായ മേഖലകളിലെ വികസനം സാധ്യമാക്കുന്ന തരത്തിൽ പൊതുജന സഹകരണത്തോടെ വ്യക്തമായ ഒരുക്കങ്ങളോടെ ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

# <u>ചരിത്രം</u>

കുമരകം പഞ്ചായത്തിന്റെ 9-ാംവാർഡിൽ ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നു. കുമരകത്തിന്റെ തെക്കു പടി ഞ്ഞാറെ പ്രദേശത്തിന്റെ വിദ്യാഭ്യാസ ഉന്നതിക്കായി

1964 ൽ സ്ഥാപിക്കപ്പെട്ടതാണ് ഈ വിദ്യാലയം. കുമരകം നവനസ്രത്ത് ദേവാലയത്തിന് 50 വയസ് പൂർത്തിയായപ്പോൾ സ്ഥാപിക്കപ്പെട്ട വിദ്യാലയമാണ് . 1994- ൽ ഒന്നാം ക്ലാസ്സിലേക്ക് 95 കുട്ടികളും രണ്ടാം ക്ലാസ്സിലേക്ക് ടി സി മൂലം 42 കുട്ടികളും വന്നു ചേർന്നു .

ആകെ 137കുട്ടികളുമായാണ് സ്കൂൾ ആരംഭിച്ചത് . 2014-മാണ്ടിൽ സ്കൂളിൽ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ നടത്തുകയുണ്ടായി സ്കൂളിന്റെ ആദ്യ മാനേജർ മറിയാമ്മ തുമ്പേകളമായിരുന്നു ഒന്നാം ക്ലാസ്സു മുതൽ നാലാം ക്ലാസ്സു വരെ ഓരോ ക്ലാസ്സിനും ഡിവിഷൻ വീതമുണ്ടായിരുന്നു . ഇപ്പോൾ 87 കുട്ടികളും 4 അധ്യാപകരുമുണ്ട് . സ്കൂൾ മാനേജർ ആയീ സിസ്റ്റർ എലൈസ് മാത്യു എസ് എച്ച് സേവനം ചെയ്യുന്നു . പ്രഥമാധ്യാപികയായി സിസ്റ്റർ ബിനീത ജോസ് എസ് എച്ച് അധ്യാപകരായി സിസ്റ്റർ സിസ്സി വർഗ്ഗിസ് എസ് എച്ച് , ബിനോയി . ജെ . തോട്ടയ്ക്കാട് സിസ്റ്റർ ശൈലജകുമാരി. പി എസ് എച്ച് എന്നിവർ സേവനമനുഷ്ടക്കുന്നു.

## പൊതു ലക്ഷ്യങ്ങൾ

- ഭാഷ ശേഷി വികസനം
- കുട്ടിയെ മികച്ച വായനക്കാരനാക്കുക
- ആശയം ഗ്രഹിച്ചുള്ള അർഥപൂർണമായ വായനക്ക് കുട്ടിയെ പ്രാപ്തമാക്കുക
- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതാതു ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക
- വായന സാമഗ്രി നൽകി എല്ലാ കുട്ടികൾക്കും വായിക്കാൻ അവ സ രം നൽകുക
- സ്കൂൾ ലൈബ്രറി, ക്ലാസ്സ് റൂം ലൈബ്രറി എന്നിവ വികസിപ്പിക്കുക
- തെറ്റു കൂടാതെ എഴുതാനും സ്വതന്ത്ര രചനകൾ നടത്താനും കുട്ടിയെ പ്രാപ്തനാക്കുക
- ഗണിതശേഷി വിപുലമാക്കുക
- പൂന്തോട്ടം വിപുലമാക്കുക
- കുട്ടികളിൽ ശാസ്ത്രാ ഭി രുചി വളർത്തൽ
- ക്ലാസ്സ് പി റ്റി എ എം പി റ്റി എ എന്നിവ ശക്തിപ്പെടുത്തൽ

എല്ലാ കുട്ടികൾക്കും ഐ സി റ്റി സാധ്യത പ്രയോജനപ്പെടുത്തി പഠന മികവ് നേടാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെ യ്യും. കുട്ടികളിൽ കലാ-കായിക ക്ഷമത ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും അതിനുള്ള അനുബന്ധ സാഹചര്യങ്ങളും ഒരുക്കും. കുട്ടികൾക്ക് കൃഷിയോടും പരിസ്ഥിതിയോടും താല്പര്യം ജനിപ്പിക്കുന്നതിനുവേണ്ടി സ്ക്കൂളിൽ ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കും. കലാ-കായിക ക്ഷമത വികസിപ്പിക്കുന്നതിനുവേണ്ടി പഞ്ചായത്തിൻറെ സഹകരണത്തോടെ അധ്യാപകൻ്റെ സേവനം ഉറപ്പാക്കും.

സ്ക്കൂളിനെയും ഇവിടുത്തെ വിദ്യാർത്ഥികളേയും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും

# അക്കാദമികം

## വിഷയം ഇംഗ്ലീഷ്

## മേഖല എഴുത്ത്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരങ്ങളെ പരിചയപ്പെടുത്തൽ | ഐ സി റ്റി സാധ്യതയിലൂടെ അക്ഷരങ്ങൾ സമ്മേളിക്കുന്ന സ്ലൈഡ് ഷോ നടത്തുന്നു. | ജൂൺ ജൂലൈ ഹ്രസ്വകാലം | അധ്യാപകർ | |
| അക്ഷരങ്ങൾ ചാർട്ടിലെഴുതൽ | മണ്ണിലെഴുതിയ ശേഷം വലിയ ചാർട്ടിൽ എഴുതിക്കുന്നു | ആഗസ്റ്റ് സെപ്റ്റമബർ | അധ്യാപകർ | |
| കേട്ടെഴുത്തിലൂടെ വാക്കുകൾ എഴുതൽ | അധ്യാപകർ പറയുന്ന വാക്കുകൾ<br>ഓഡിയോ ക്ലിപ്പ് വാക്കുകൾ കേട്ട് എഴുതിക്കണം | ഒക്ടോബർ നവംബർ ഡിസംബർ ഹ്രസ്വകാലം | അധ്യാപകർ | |

## വിലയിരുത്തൽ

അധ്യാപകർ വിലയിരുത്തി അറിയാൻ വയ്യാത്ത അക്ഷരങ്ങൾ ഏതെന്ന് രക്ഷിതാക്കളെ അറിയിക്കണം

# <u>അക്കാദമികം</u>

വിഷയം  ഇംഗ്ലീഷ്

മേഖല   എഴുത്ത്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആഗലേയ ഭാഷയെ വായനയിലൂടെ സ്വന്തമാക്കുന്നു<br><br>ഉച്ചാരണ ശുദ്ധതി കൈവരിക്കുന്നു | ലളിത കഥകളിലൂടെ വായന അവതരിപ്പിക്കുന്നു വായനയിലൂടെ ഓഡിയോ ക്ലിപ്പുകൾ പരിചയപ്പെടുത്തുന്നു<br><br>ബി ബി സി ന്യൂസ് ഓഡിയോ ക്ലിപ്പ് അവതരിപ്പിക്കുന്നു മൈക്ക് കേൾപ്പിച്ചു ഉച്ചഹാരണം ഉറപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ ദീർഘകാലം<br><br>ജൂൺ മുതൽ മാർച്ച് വരെ | എൽ.കെ ജി അധ്യാപകർ<br><br>അധ്യാപകർ പൂർവ വിത്യാര്ഥി സംഘടന | |

**<u>വിലയിരുത്തൽ</u>**

ഓഡിയോ ടെസ്റ്റ് നടത്തി വായന പരിശോധിക്കു ന്നു

വിഷയം : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| മേഖല<br>വായന<br>എല്ലാവരും<br>മികച്ച<br>വായനക്കാർ | ചിത്രങ്ങളിലൂടെ മലയാളം അക്ഷരം ഉറപ്പിക്കാൻ അക്ഷരകാർഡ്<br><br>പദങ്ങളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ<br><br>ചിത്രം നൽകി അ ടികുറുപ്പ് പറയിപ്പിക്കാൻ ചിത്രകഥകൾ ഒറ്റക്കും കൂട്ടായും വായന | ജൂൺ<br><br>ജൂൺ മുതൽ മാർച്ച്<br><br>ദീർഘകാലം | എൽ.കെ ജി അധ്യാപകർ<br><br>പി റ്റി എ<br><br>എം പി റ്റി എ | |

| | | | | |
|---|---|---|---|---|
| ദ്രശ്യങ്ങൾ ഉപയോഗിച്ച് വായനക്ക് അവസരം നൽകുക | സി ഡി പ്രദര്ശനത്തിലൂടെ ഓരോ ചിത്രത്തെയും കുറിച്ച് പറയാൻ അവസരം നൽകുന്നു<br><br>ഭിന്നശേഷി ക്കാർക്ക് പ്രേത്യേകം അവസരം നൽകുന്നു | 4 മാസം<br><br>ഹൃസ്വകാലം | അധ്യാപകർ<br><br>എസ്.ആർ ജി | |

വിഷയം : മലയാളം

| | | | | |
|---|---|---|---|---|
| ആശയം ഗ്രഹിച്ചുകൊണ്ടുള്ള അർഥപൂർണമായ വായനക്ക് കുട്ടിയെ പ്രാപ്തമാക്കുക | വായന കാർഡുകൾ ലൈബ്രറി പുസ്തകങ്ങൾ നൽകുന്നു<br>പത്രവായന | ജൂൺ മുതൽ; മാർച്ച് വരെ ദീർഘകാലം | അധ്യാപകർ<br>പി റ്റി എ<br>എം പി റ്റി എ | |
| സ്കൂൾ ലൈബ്രറി<br>ക്ലാസ് ലൈബ്രറി എന്നിവ വികസിപ്പിക്കുക | കഥാപുസ്തകങ്ങളുടെ ശേഖരണം നടത്തുന്നു<br>പിറന്നാൾ പുസ്തകം നൽകി പ്രോത്സാഹിപ്പിക്കുന്നു പൂർവ വിദ്യാർത്ഥികളുടെയും . പി റ്റി എ യുടെയും പങ്കാളിത്തത്തോടെ ലൈബ്രറി പുസ്തകങ്ങൾ ശേഖരിക്കുന്നു അലമാരകൾ നിനിർ മ്മിക്കുന്നു | ദീർഘകാലം | എച്ച് എം<br>അധ്യാപകർ<br>പി റ്റി എ<br>എസ്.ആർ ജി | |

മേഖല  അമ്മ വായന

| 'ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അമ്മമാർക്ക് വായിക്കാൻ അവസരം നൽകുന്നു | അമ്മമാരുടെ കൂടിച്ചേരൽ നടത്തുന്നു ലൈബ്രറിയിൽ നിന്നല്ലാതെ പുസ്തകം വായിക്കാൻ അവസരം നൽകുന്നു | 6 മാസം<br>ഹൃസ്വകാലം | എം പി റ്റി എ | |
| കുട്ടികൾക്കായി കഥയും കവിതയും ഉണ്ടാക്കൽ | വായിച്ച പുസ്തകങ്ങൾ കഥയുടെയും കവിതയുടെയും രൂപത്തിൽ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നു | ജൂലൈ ഡിസംബർ ഹൃസ്വകാലം | അധ്യാപകർ അമ്മമാർ | |
| കഥ കവിത അവതരണം | അമ്മ വായന പ്രോത്സാഹിപ്പിക്കാനായി അവർ വായിച്ച കാതൽ കുട്ടികളെ പഠിപ്പിച്ചു വിടാൻ നിർദേശം നൽകുന്നു | ജൂലൈ ഡിസംബർ<br>ഹൃസ്വകാലം | അധ്യാപകർ അമ്മമാർ | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മേഖല ലേഖനം | | | | |
| ഭാഷാപരമായ പിന്നോക്കം പരിഹരിക്കാൻ മലയാള തിളക്കം<br><br>കുട്ടികളെ മികച്ച എഴുത്തുകാർ ആക്കുക<br><br>ദിനാചരണവുമായി ബന്ധപ്പെട്ട വായനയും എഴുത്തും കണ്ടെത്തുന്നു | പ്രീ ടെസ്റ്റ് അക്ഷര കാർഡ് നൽകൽ വാക്യം എഴുതിയ കാർഡ് വാക്യ നിർമ്മാണം അടിക്കുറിപ്പ് കഥ പൂർത്തിയാക്കാൻ ഭാഷ പിന്നോക്കം നിൽക്കുന്നവർക്ക് പ്രേത്യേകം ക്ലാസ്<br><br>വായനാകുറുപ്പ് സംഘ രചന വ്യക്തിഗത രചന കഥ കവിത രചന ഡയറി തയ്യാറാക്കൽ എഴുത്തുകൂട്ടം രൂപീകരിക്കൽ പതിപ്പ് തയ്യാറാക്കൽ<br><br>ദിനാചരണവുമായി ബന്ധപ്പെട്ട ചരിത്രം പതിപ്പ് കഥ കവിത കലാപരിപാടി എന്നിവ തയ്യാറാക്കുന്നു | ജൂൺ<br>ആഗസ്റ്റ്<br>ഒക്ടോബർ<br>ഹ്യസ്വകാലം<br>നവംബർ<br>മാർച്ച്<br>6 മാസം<br>ഒക്ടോബർ<br>മാർച്ച്<br>ജൂൺ<br>മാർച്ച് | അധ്യാപകർ<br>അധ്യാപകർ<br>LSGD<br>അധ്യാപകർ<br>LSGD<br>അധ്യാപകർ<br>ക്ലബംഗങ്ങൾ | |

| 'ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മേഖല സർഗാത്മകത | | | | |
| കുട്ടികളിൽ സഭാകമ്പം മറ്റുള്ളവരെ അഭിമുഘീകരിക്കുന്നതിനുള്ള ഭയം എന്നിവ മാറുന്നതിനും അവരിലുള്ള കഴിവ് പ്രകാശിപ്പിക്കുന്നതിനും അവസരം നൽകുന്നു | ബാലസഭാ<br>വിദ്യാരംഗം<br>സാഹിത്യവേദി<br>രചനമത്സരങ്ങൾ | ജൂൺ<br>മാർച്ച്<br>മധ്യമകാലം | അധ്യാപകർ<br>പി റ്റി എ<br>എം പി റ്റി എ | |

മേഖല-- <u>വിലയിരുത്തൽ</u>

ഓരോ മേഖലയും പിന്നിടുമ്പോൾ വായനയിലും എഴുത്തിലും കുട്ടികൾ നേടിയ പഠന നേട്ടങ്ങൾ വിലയിരുത്തുവാൻ ശ്രെമിക്കും

| വിഷയം പരിസരപഠനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| ശാസ്ത്ര<br>പഠനത്തിൽ<br>താല്പര്യം<br>വളർത്തുക<br>ശാസ്ത്രബോധം<br>വളർത്തുക<br><br>പഠനവും പഠന<br>യാത്രയും<br><br>ഔഷ ധ<br>സസ്യങ്ങളെ<br>പരിചയപ്പെടൽ<br><br>കൃഷി<br>അനുഭവങ്ങളിലൂടെ<br>പഠനം | ലഘു<br>പരീക്ഷണങ്ങൾ<br>സസ്യ<br>സംരക്ഷണം<br>ഭൂപട വായന<br>ചിത്ര വായന<br>കേരളത്തിലെ<br>സുന്ദര<br>ദ്രശ്യങ്ങൾ<br><br>ചിപ്സോ<br>നിർമ്മാണം<br>കൊളാഷ്<br><br>കാർഷിക<br>രീതികളും<br>കാർഷിക<br>സ്ഥാപനങ്ങളും<br>സന്ദർശിക്കൽ<br><br>ഔഷ ധ തോ ട്ട<br>നിർമ്മാണം<br>ഔഷ ധ<br>സസ്യങ്ങളുടെ<br>ഗുണം<br>തിരിച്ചറിയൽ<br>പ്രയോഗിക്കാൻ<br><br>കൃഷിത്തോട്ട<br>നിർമ്മാണവും<br>സംരക്ഷണവും<br>വിദഗ്ദരെ<br>വിളിച്ചു<br>അനുഭവങ്ങൾ<br>പങ്കുവെക്കൽ | ജൂൺ<br>മാർച്ച്<br><br>ജൂൺ<br>മാർച്ച്<br><br>ജൂൺ<br>മാർച്ച്<br><br>ദീർഘകാലം | HM<br><br>HM<br><br>അധ്യാപകർ<br>ക്ലബംഗങ്ങൾ | |
| | | | | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിന്റെ ആവശ്യകത ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക | സെമിനാര് സംഘടിപ്പിക്കുക ഗണിത ശാസ്ത്രജ്ഞന്മാരുടെ ജീവ ചരിത്രം കുട്ടികളുമായി പങ്കുവെക്കുക | ജനുവരി മാർച്ച്<br>ഹ്യസ്വകാലം | | |
| ഗണിതാസ്വാദനം | പാദസൂത്രണങ്ങൾ ഫലപ്ര ദമായി ആസൂത്രണം | മെയ് | | |
| | ക്വിസ് മത്സരങ്ങൾ പസിലുകൾ കുസൃതി കണക്കുകൾ എന്നിവ കണ്ടെത്തി ആസൂത്രണം ചെയ്യുക | ജൂൺ | | |

# വിഷയം ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പ്രൊജക്റ്റ് അന്വേഷണൽമകമായി അപഗ്രഥിച്ചു കണ്ടെത്താവുന്ന പ്രൊജെക്റ്റുകൾ വ്യക്തിപരമായും ഗ്രൂപ്പായും കണ്ടെത്തുന്നു<br><br>ക്ലാസ്സുകൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ ഗണിത ക്ലബ്ബിലെ കുട്ടികൾ ശേഖരിക്കുന്നു | ജൂലൈ മാർച്ച് | ഗണിത ക്ലബ് അംഗങ്ങൾ<br><br>ക്ലാസ് ടീച്ചർ | | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ഉത്തരകൈരളി<br><br>ഗണിത പ്രശ്നങ്ങളെ നോട്ടിസ് ബോർ ഡി ൽ പ്രദർശിപ്പിക്കുന്നു<br><br>കുട്ടികൾ ഉത്തരം കണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കുന്നു സമയം അനുവദിക്കാം വിജയികളെ പ്രഖ്യാപിക്കൽ മനകണക്കു ക്ലാസ്സിൽ പൊതുവായി ചോദിക്കൽ നിശ്ചിത സമയത്തിനുള്ളിൽ ഉത്തരം കണ്ടെത്തൽ | മാസത്തിൽ ഒരിക്കൽ<br><br>1 വർഷം | H M<br><br>ക്ലാസ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ലാബ് | ചുമർ ഗണിത ചിത്രങ്ങൾ അബാക്കസ് ജ്യാമിതീയ രൂപങ്ങൾ എന്നിവ എല്ലാ ക്ലാസ്സുകൾക്കും നൽകുക | 6 മാസം | ക്ലാസ് ടീച്ചർ | |
| ഗണിത മേള നടത്തി കുട്ടികളുടെ അറിവിനെ പരിപോഷിപ്പിക്ക് സാമൂഹിക പ്രീതിബ്ബത വളർത്തിയെടുക്കുക | ഗണിത മേളകൾ സംഘടിപ്പിക്കുക പഠന യാത്ര നടത്തുക ഗണിത ലാബുകൾ സന്ദർശിക്കുക പ്രകൃതിയുടെ പാറ്റേൺ ആസ്വദിക്കാനുള്ള അവസരം നൽകുക | മാസം3 | മാത്സ് ക്ലബ് | |
| ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കാൻ | പ്രീ ടെസ്റ്റ് മൂല്യനിർണ്ണയം നടത്തി റിസൾട്ട് രേഖപ്പെടുത്തുക | ജൂൺ | ക്ലാസ് ടീച്ചർ | |
| ഗണിതത്തിലെ അടിസ്ഥാന ശേഷികളായ സങ്കലനം വ്യവകലനം ഗുണനം ഹരണം എന്നിവ ഉറപ്പിക്കാൻ | എസ് ആർ ജി യിൽ അവതരിപ്പിക്കുന്നു സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ വ്യക്തിപരമായും ഗ്രൂപ്പായും നൽകുന്നു | | ക്ലാസ് ടീച്ചർ | |

# വിലയിരുത്തൽ

ചതുഷ് ക്രീയകൾ ,സംഖ്യാബോധം  എന്നീ മേഖലകളിലേക്ക് കൂടുതൽ വിലയിരുത്തൽ നടത്തിയത്   പി ടി എ യിലെ പ്രാഗൽഭ്യമുള്ളവർ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായി പി ടി എ സഹകരണത്തോടെ സങ്കലന ഗുണന വസ്തുതകൾ പരിശോധിച്ചു . സംഖ്യാബോധം  എന്ന മേഖലയിൽ പുരോഗതി കൈവരിച്ചു പുനഃക്രമീകരണം വരുന്ന ഗണിത ക്രീയകളിൽ കുറച്ചുകൂടി പ്രവർത്തനം ഉൾപ്പെടുത്തണം എന്ന് വിലയിരുത്തി

# C W S N വിഭാഗം

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിലുള്ള കുട്ടികൾക്ക് പഠന വൈകല്യം പരിഹരിക്കുന്നതിനുള്ള പ്രത്യേക പരിശീലനം നൽകുന്നു

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത |
| --- | --- | --- | --- | --- |
| പഠന വൈകല്യം കണ്ടുപിടിച്ചു അത് പരിഹരിക്കുന്നു | എസ് എസ് എ യുടെ സഹായത്തോടെ പഠന വൈകല്യം കണ്ടുപിടിക്കുകയും രക്ഷിതാക്കളെ ബോധവൽക്കരിച്ചു അദ്ധ്യാപകർ ഇങ്ങനെയുള്ള കുട്ടികളുടെ ഉന്നമനത്തിനായി നിരന്തരം പ്രവർത്തിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | എസ് എസ് എ അദ്ധ്യാപകർ രക്ഷിതാക്കൾ | |